**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092** **09-10-2024 - ൽ മറുപടിയ്ക്ക്**

**അപകടാവസ്ഥയിലുള്ള അക്വാഡക്റ്റ് പൊളിച്ചുമാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം, പുറമേരി ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പങ്കിടുന്ന കക്കംവള്ളിയിലെ അക്വാഡക്റ്റ് കാലപ്പഴക്കത്താൽ ജീർണിച്ച് അപകട ഭീഷണി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വളരെക്കാലമായി ജലവിതരണം നടത്താൻ സാധിക്കാത്തതും ജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ജീവന് ഭീഷണി ഉയർത്തുന്നതുമായ പ്രസ്തുത അക്വാഡക്റ്റ് പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ തുണേരി ബ്രാഞ്ച് കനാലിൽ നിന്നും പുറപ്പെടുന്ന പുറമേരി ഡിസ്ട്രിബ്യൂട്ടറിയിലാണ് പ്രസ്തുത അക്വാഡക്റ്റ് സ്ഥിതി ചെയ്യുന്നത്. ആയതിന്റെ അപകട ഭീഷണി ഉയർത്തുന്ന സ്പാനുകൾ പൊളിച്ചു മാറ്റുന്നതിന് 2024-25 പ്ലാൻ പദ്ധതിയിൽ പ്രവൃത്തി ഉൾപ്പെടുത്തിയെങ്കിലും തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.<br>Disaster Management Fund-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത ഉണ്ടോ എന്ന് പരിശോധിക്കുന്നതിനായി എസ്റ്റിമേറ്റ് കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ